**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 570** **28-06-2022 - ൽ മറുപടിയ്ക്ക്**

**കഴിഞ്ഞ അഞ്ച് വർഷക്കാലയളവിലെ വ്യാവസായിക സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ എന്തെല്ലാം ചെറുകിട, ഇടത്തരം വ്യാവസായിക സംരംഭങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചതെന്ന് വിശദമാക്കാമോ; | (എ) | വ്യവസായ വകുപ്പിന്റെ DIC MIS പോർട്ടലിലെ കണക്ക് പ്രകാരം 2017 -18 മുതൽ 2021-22 വരെയുള്ള 5 വർഷ കാലയളവിൽ സംസ്ഥാനത്ത് 69,814 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യ സംസ്കരണ മേഖല, വസ്ത്ര നിർമ്മാണ മേഖല, ജനറൽ എഞ്ചിനീയറിംഗ്, സേവന മേഖല തുടങ്ങി വിവിധ മേഖലകളിലാണ് പ്രധാനമായും സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത്. |
| (ബി) | ഉത്പാദന മേഖലയിലും സേവന മേഖലയിലും സൂക്ഷ്മ ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇതിലൂടെ തൊഴിൽ മേഖലയ്ക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലം സംസ്ഥാനത്ത് ആരംഭിച്ച 69,814 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലൂടെ 2,47,601 തൊഴിൽ അവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | 2011-'16 കാലയളവിൽ കൈവരിച്ച നേട്ടങ്ങൾ ഈ മേഖലയിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (സി) | സാധിച്ചിട്ടുണ്ട് |
| (ഡി) | ഈ മേഖലയിൽ പുതിയ നിയമനിർമ്മാണം നടത്തുകവഴി പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാനം വ്യവസായ-നിക്ഷേപ സൗഹൃദം ആക്കുവാനായി 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടൽ ആയി കെ-സ്വിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ആരംഭിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്തവയ്ക്ക് മൂന്ന് വർഷത്തേക്ക് സംസ്ഥാന നിയമപ്രകാരം ഉള്ള ലൈസൻസുകൾ ഒഴിവാക്കികൊണ്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ |

| | | | |
|---|---|---|---|
| | | | ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി KSIDC യുടെ നേതൃത്വത്തിൽ ഒരു കോൾസെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷാനടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാൻ ഉള്ള നടപടികൾ വകുപ്പ് തലങ്ങളിൽ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നുണ്ട്. ജില്ലാ സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ സംസ്ഥാന തലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധവകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി കേന്ദ്രീകൃത പരിശോധനാ സംവിധാനം (K-CIS) നിലവിൽ വന്നിട്ടുണ്ട്.<br><br>സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് അനുസരിച്ച് സ്വയം സാക്ഷ്യപ്പെടുത്തൽ മുഖേന സംസ്ഥാനത്ത് ഇതുവരെ 22,423 പേർ സംരംഭങ്ങൾ തുടങ്ങുന്നതിന് മുന്നോടിയായി അക്നോളെഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ